**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 547** **09-06-2021 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലം- എസ്.സി/എസ്.റ്റി. ക്ഷേമ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri K. Radhakrishnan<br>(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ എസ്.സി/എസ്.റ്റി ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖാന്തിരം കോർപ്പസ് ഫണ്ട് പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അനുബന്ധം I ആയി ചേർക്കുന്നു കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ, നിലവിലെ സ്ഥിതി എന്നിവ അനുബന്ധം II ആയി ചേർക്കുന്നു. |
| (ബി) | ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖാന്തിരം കോർപ്പസ് ഫണ്ട് പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അനുബന്ധം I ആയി ചേർക്കുന്നു കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ, നിലവിലെ സ്ഥിതി എന്നിവ അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും, പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (സി) | കോർപ്പസ് ഫണ്ട് പദ്ധതിയായ നെടുമല പട്ടികജാതി കോളനി പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട വീട്ടൂർ കോളനി, മൂലേക്കുഴി കോളനി എന്നിവിടങ്ങളിലെ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് നടപ്പിലാക്കേണ്ട പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന മുറയ്ക്ക് മാത്രമെ പ്രവർത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. പ്രവർത്തികൾ ആരംഭിച്ച് 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. പട്ടികവർഗ്ഗ വികസന |

| | | | |
|---|---|---|---|
| | | | വകുപ്പുമായി ബന്ധപ്പെട്ട് പ്രളയാനന്തര ഭവന നിർമ്മാണം ഒഴികെയുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. പദ്ധതിയിൽ ശേഷിക്കുന്ന 2 വീടുകളുടെ നിർമ്മാണം നടപ്പ് വർഷം പൂർത്തിയാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പട്ടികജാതി വികസന വകുപ്പ്

അനുബന്ധം I

| 2019-20-ൽ കോർപ്പസ് ഫണ്ട് പ്രവർത്തികളുടെ വിശദാംശം (2020-21 ൽ കോർപ്പസ് ഫണ്ടിൽ ജില്ലാ തലത്തിൽ പുതിയ പദ്ധതികൾ ഏറ്റെടുത്തിരുന്നില്ല) | | | |
|---|---|---|---|
| പദ്ധതിയുടെ പേര് | ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
| കുറ്റ കോളനി - റോഡ് പുനരുദ്ധാരണം | വടവുകോട് പുത്തൻകുരിശ്/ വടവുകോട് | 8.00 | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |
| നെടുമല പട്ടികജാതി കോളനി - സംരക്ഷണ ഭിത്തി നിർമ്മാണം, ഫുട്പാത്ത് കോൺക്രീറ്റിംഗ്. | വടവുകോട്/ വടവുകോട് | 22.6 | പ്രവർത്തികൾ 60% പൂർത്തീകരിച്ചു |
| ആക്കാംപാറ കോളനി - സംരക്ഷണ ഭിത്തി നിർമ്മാണം | മഴുവന്നൂർ/ വടവുകോട് | 24.91 | പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |
| **അംബേദ്കർ ഗ്രാമവികസന പദ്ധതി 2016-17** | | | |
| കുറ്റ കോളനി നവീകരണം | വടവുകോട് പുത്തൻകുരിശ് | 1 കോടി രൂപ | പൂർത്തീകരിച്ചിട്ടുണ്ട്. |
| പള്ളിമുകൾ കോളനി | വടവുകോട് പുത്തൻകുരിശ് | | പദ്ധതി നിർവ്വഹണം അന്തിമ ഘട്ടത്തിലാണ്. |
| **അംബേദ്കർ ഗ്രാമവികസന പദ്ധതി 2019-20** | | | |
| വീട്ടൂർ കോളനി | വടവുകോട് പുത്തൻകുരിശ് | 50 ലക്ഷം | ബഹു. എംഎൽഎ യുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് നടപ്പിലാക്കേണ്ട പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തികൾ ആരംഭിക്കുന്നതാണ്. |
| **അംബേദ്കർ ഗ്രാമവികസന പദ്ധതി 2020-21** | | | |
| മൂലേക്കുഴി കോളനി | വടവുകോട് പുത്തൻകുരിശ് | 1 കോടി രൂപ | ബഹു. എംഎൽഎ യുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് നടപ്പിലാക്കേണ്ട പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തികൾ ആരംഭിക്കുന്നതാണ്. |

## പട്ടികവർഗ്ഗ വികസനവകുപ്പ്

## അനുബന്ധം LL

| വർഷം | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 2016-17 | ഇല്ല | ഇല്ല | ഇല്ല |
| 2017-18 | ഇല്ല | ഇല്ല | ഇല്ല |
| 2018-19 | സാന്ത്വനം ചികിത്സാ ധനസഹായ പദ്ധതി | 3 | 72000 |
| | ശുചിത്വ കക്കൂസ് നിർമ്മാണം | 4 | 105000 |
| | പ്രളയ ദുരിതാശ്വാസം | 3 | 30000 |
| | ഭവന പുനരുദ്ധാരണം | 3 | 60000 |
| | ഭക്ഷ്യ സഹായ പദ്ധതി | 1 | 500 |
| 2019-20 | സാന്ത്വനം ചികിത്സാ ധനസഹായ പദ്ധതി | 3 | 72000 |
| | ശുചിത്വ കക്കൂസ് നിർമ്മാണം | 1 | 5000 |
| 2020-21 | സാന്ത്വനം ചികിത്സാ ധനസഹായ പദ്ധതി | 3 | 24000 |
| | S.S.L.C ജയിച്ച വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് ധനസഹായം | 5 | 15000 |

## ഭവന നിർമ്മാണം

| വർഷം | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | പൂർത്തിയായത് |
|---|---|---|---|---|
| 2016-17 | ഭവനപുനരുദ്ധാരണം | 3 | 300000 | 3 |
| 2017-18 | ഭവനപുനരുദ്ധാരണം | 1 | 150000 | 1 |
| 2018-19 | ഭവനപുനരുദ്ധാരണം | 8 | 1095000 | 8 |
| 2018-19 | പ്രളയാനന്തര ഭവനനിർമ്മാണം | 6 | 2100000 | 4 |

കൂടാതെ അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് അർഹരായ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ജനനി ജൻമരക്ഷ കൈത്താങ്ങ്, അടിയന്തിര ചികിത്സാ ധനസഹായം , വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവ അനുവദിച്ച് വരുന്നതാണ്.